**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5071** **20-03-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന് സ്ഥലം കൈമാറാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആപ്പാഞ്ചിറ ജംഗ്ഷനിൽ റെയിൽവേയ്ക്കും ബൈപ്പാസിനോടും ചേർന്നുള്ള എക്സൈസ് വകുപ്പ് വക സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആപ്പാഞ്ചിറ ജംഗ്ഷനിൽ റെയിൽവേയ്ക്കും ബൈപ്പാസിനോടും ചേർന്നുള്ള എക്സൈസ് വകുപ്പ് വക സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റിസർവേ നമ്പർ 121/20-ൽ പ്രസ്തുത സ്ഥലം പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റീസർവ്വേ റിക്കാർഡുകൾ പ്രകാരം കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് 29ൽ റീസർവ്വെ നമ്പർ 121/20 പുറമ്പോക്ക് ഭൂമി ആയി 0.0086 ഹെക്ടർ സ്ഥലം എക്സൈസ് സ്റ്റേഷൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തിയിൽ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; ആയതിന്റെ സർവ്വേ നമ്പർ വ്യക്തമാക്കാമോ; | (സി) | ബഹു. എം.എൽ.എ, റെയിൽവേ, എക്സൈസ്, കടുത്തുരുത്തി വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ കടുത്തുരുത്തി വില്ലേജ് ബ്ലോക്ക് 29 ൽ റീസർവ്വേ നമ്പർ 121/20ൽ പ്പെട്ട സ്ഥലം വൈക്കം താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി സർവ്വെ നമ്പർ 121/20 ന്റെ അതിർത്തികൾ കാണിച്ചു ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നം. 121/19 കേന്ദ്ര സർക്കാർ റെയിൽവേ ആയും സർവ്വെ നം. 121/21 കേരളാ സർക്കാർ റോഡ് ആയും റീസർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഡി) | റീസർവേ റിക്കോർഡുകളിൽ പ്രസ്തുത സ്ഥലം ഏതുതരത്തിലുള്ള ഭൂമിയായിട്ടാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | റീസർവ്വേ റിക്കാർഡുകൾ പ്രകാരം കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് 29 ൽ റീസർവ്വേ നമ്പർ 121/20 പുറമ്പോക്ക് ഭൂമി ആയി 0.0086 ഹെക്ടർ സ്ഥലം എക്സൈസ് സ്റ്റേഷൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഇ) | സ്ഥലം എത്രയുംവേഗം അളന്ന് തിട്ടപ്പെടുത്തി എക്സൈസ് വകുപ്പിന് കെട്ടിടം പണിയുന്നതിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ആപ്പാഞ്ചിറ ജംഗ്ഷനിൽ റെയിൽവേ ലൈനിനോട് ചേർന്നുള്ള എക്സൈസ് വക സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിലേക്ക് ബഹു. സ്ഥലം എം.എൽ.എ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് |

| | | | |
|---|---|---|---|
| | | | സർവ്വേയർ ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ടും അനുബന്ധ രേഖകളും തഹസീൽദാർക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പ് ബഹു. എം.എൽ.എ ക്ക് കൈമാറിയിട്ടുള്ളതുമാണ്. |
| (എഫ്) | പ്രസ്തുത വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ റീസർവ്വേ പ്രകാരം സർവ്വേ നമ്പർ 121/19, 121/20, 121/21 എന്നിവ അതിർത്തി തിരിച്ച് തിട്ടപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സർവ്വേ നമ്പരുകൾ റവന്യൂ രേഖകൾ പ്രകാരം വില്ലേജ് രജിസ്റ്റർ 1-ൽ പെട്ടതാണോ; അല്ലെങ്കിൽ ഈ വസ്തു ആരുടെ കൈവശമാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റീസർവേ നമ്പർ 121/19, 121/20, 121/21, എന്നിവ പ്രത്യേകം അതിർത്തി തിരിച്ച് റീസർവേ FMB സ്കെച്ചിൽ വന്നിട്ടുള്ളതാണ്. താലൂക്ക് സർവ്വെയുറുടെ റിപ്പോർട്ട് പ്രകാരം, 121/20 ൽ പെട്ട സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തികൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് അധികാരികളെയും ബഹു. എം.എൽ.എ-യെയും കാണിച്ചു ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. റവന്യൂ രേഖകൾ പ്രകാരം അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലും സർക്കാർ വക ഭൂമികളുടെ വിവരം രേഖപ്പെടുത്തുന്ന പുറമ്പോക്ക് രജിസ്റ്ററിലും (1-ാം നമ്പർ രജിസ്റ്റർ) പ്രസ്തുത സർവ്വെ നമ്പരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ